നം.സി3/2035/2017/ഡി.റ്റി.ഇ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 26/04/2017

# സർക്കുലർ

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - പോളിടെക്നിക് കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര അനുമതി - സംബന്ധിച്ച്

സൂചന:- ഈ ആഫീസിലെ 21/7/2011-ലെ സി3/37374/10 നമ്പരായുള്ള സർക്കുലർ

** **

പോളിടെക്നിക് കോളേജുകളിലെ വിദ്യാർത്ഥികളുടെ പഠനയാത്രക്ക് അനുമതി നൽകുമ്പോൾ സ്ഥാപന മേധാവികൾ എന്തൊക്കെ മാനദണ്ഡങ്ങൾ പാലിക്കണം എന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സൂചന പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ പല കോളേജുകളും ആയത് കൃത്യമായും പാലിച്ച് കാണുന്നില്ല. ഈ സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ പഠനയാത്രക്ക് അനുമതി നൽകുമ്പോൾ ചുവടെ പ്രസ്താവിക്കുന്ന വ്യവസ്ഥകൾ കർശനമായും പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്ന് എല്ലാ പോളിടെക്നിക് പ്രിൻസിപ്പാൾമാരെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

1. പഠനയാത്രയുടെ ഭാഗമായി സന്ദർശിക്കുന്ന സ്ഥലങ്ങൾ 80%ഉം പഠനവിഷയങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. 20 വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യാപകൻ എന്ന ക്രമത്തിൽ HOD/Lecturer/ Demonstrator/Workshop Instructor തസ്തികകളിലെ സ്ഥിരം ജീവനക്കാരായിരിക്കണം വിദ്യാർത്ഥികളെ അനുഗമിക്കേണ്ടത്.
3. വിദ്യാർത്ഥിനികൾ യാത്രയിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ പ്രസ്തുത ബ്രാഞ്ചിലെ HOD/Lecturer/ Demonstrator/Workshop Instructor തസ്തികകളിലെ ഒരു വനിതാ ജീവനക്കാരി പഠനയാത്രയിൽ അനുയാത്ര ചെയ്യേണ്ടതാണ്
4. പഠനയാത്രയുടെ ദൂരം 2000കി.മീ.ആയി നിജപ്പെടുത്തേണ്ടതാണ്.
5. പഠനയാത്രക്ക് മുമ്പായി യാത്രയിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളിൽ നിന്നും വ്യക്തമായ സമ്മതപത്രം എഴുതി വാങ്ങി സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്.
6. പഠനയാത്രയുടെ പൂർണ്ണമായ ഉത്തരവാദിത്തം സ്ഥാപനമേധാവിയിൽ നിക്ഷിപ്തമായിരിക്കും.
7. പഠനയാത്ര തുടങ്ങുന്നതു മുതൽ ഓരോ ദിവസവും സന്ദർശിക്കുന്ന സ്ഥലങ്ങൾ താമസം തുടങ്ങിയ വ്യക്തമായ വിവരണം പഠനയാത്രക്കുള്ള പ്രൊപ്പോസലിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ബ്രാഞ്ച് ഹെഡ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും സ്ഥാപനമേധാവി ഉറപ്പാക്കിയിരിക്കണം.
8. പഠനയാത്രയെ അനുഗമിക്കുന്ന ജീവനക്കാർക്ക് നിയമാനുസൃതമായ റ്റി.എ/ഡി.എ അനുവദിക്കാവുന്നതാണ്.
9. ഒരു വിദ്യാർത്ഥിക്ക് കിലോമീറ്ററിന് 7.5 പൈസ എന്ന നിരക്കിൽ അലവൻസ് അനുവദിക്കാവുന്നതാണ്. പരമാവധി 150/-രൂപ വരെ അനുവദിക്കാം.
10. എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് നിയമാനുസൃതമായ അലവൻസ് നൽകാവുന്നതാണ്.

(ഒപ്പ്)
കെ.എൻ.ശശികുമാർ
സീനിയർ ജോയിന്റ് ഡയറക്ടർ(പി.എസ്)

ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്

സൂപ്രണ്ട്